# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 274 — 21-08-2017 ൽ മറുപടിയ്ക്ക്

## തീരക്കടൽ ചരക്ക ഗതാഗതത്തിനായി ചെറുകിട തുറമുഖ വികസനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എസ്.ശർമ്മ | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| ശ്രീ. എ.എൻ.ഷംസീർ | : | ( തുറമുഖവും മ്യൂസിയവും പുരാവസ്തു |
| ശ്രീ. കെ.ദാസൻ | : | സംരക്ഷണവും വകുപ്പ മന്ത്രി) |
| ശ്രീ. വി.കെ.സി.മമ്മത് കോയ | : | |

| ചോദ്യം | മറുപടി |
|---|---|
| (എ) കേരളത്തിലെ ചരക്ക ഗതാഗതത്തിന്റെ ഇരുപത് ശതമാനം തീരക്കടലിലൂടെയും കനാലുകളിലൂടെയും ആക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കി മാറ്റുന്നതിനായി ആരംഭിച്ച പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ; | (എ) കേരളത്തിലെ ചരക്ക് ഗതാഗതത്തിന്റെ 20% തീരക്കടലിലൂടെ ആക്കി മാറ്റുന്നതിനുള്ള തീരദേശ കപ്പൽ ഗതാഗത പദ്ധതി 2013 മുതൽ നടപ്പിലാക്കിവരുന്നു. വിഴിഞ്ഞം, കൊല്ലം, കൊടുങ്ങല്ലൂർ , ബേപ്പൂർ , അഴീക്കൽ എന്നീ തുറമുഖങ്ങളിൽ ചരക്ക് ഗതാഗതത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. കോവളം മുതൽ കൊല്ലം വരെയുള്ള 74.18 കി.മി. ജലപാത സംസ്ഥാന ജലപാത നിലവാരത്തിലേക്ക് ഉയർത്തുന്നതിനും, കോഴിക്കോട് മുതൽ വടകര വരെയുള്ള ജലപാതയുടെ വികസനവും, സംസ്ഥാന ജലസേചന വകുപ്പ് നടത്തിവരുന്നു. കൊല്ലം - കോഴിക്കോട് ജലപാത ദേശീയ ജലപാതയുടെ ഭാഗമായി വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വടകര മുതൽ മാഹി വരെയുള്ള 17.61 കി.മി. നീളമുള്ള പുതിയ കനാലിന്റെ നിർമ്മാണം 5 റീച്ചുകളിലായി വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. മാഹി മുതൽ വളപട്ടണം വരെയുള്ള ജലപാതയിൽ 3 അൺകട്ട് ഭാഗങ്ങളുടെ നിർമ്മാണ മുൾപ്പടെയുള്ള പ്രവർത്തനങ്ങൾ സമയ ബന്ധിതമായി നടപ്പിലാക്കുവാനായി സംസ്ഥാന സർക്കാരിന്റെയും സിയാലിന്റെയും പങ്കാളിത്തത്തോടെ ഒരു പൊതു മേഖലാ കമ്പനി (SPV) രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) ആയതിന്റെ ഭാഗമായി ചെറുകിട തുറമുഖ വികസനത്തിനും ചാനലിന്റെയും ബേസിന്റെയും ആഴം വർദ്ധിപ്പിക്കുന്നതിനുമുള്ള പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ ; | (ബി) കൊല്ലം തുറമുഖത്ത് പാസഞ്ചർ ടെർമിനലിന്റെ നിർമ്മാണം , ബേപ്പൂർ തുറമുഖത്ത് വാർഫിന്റെ നീളം കൂട്ടൽ എന്നിവ വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു. കൊടുങ്ങല്ലൂർ തുറമുഖം വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അഴീക്കൽ തുറമുഖ വികസനത്തിനായി ഒരു SPV രൂപീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു |

| | | | |
|---|---|---|---|
| (സി) | ലക്ഷദ്വീപുകാർ യാത്രയ്ക്കും ചരക്കുഗതാഗതത്തിനും ഏറെ ആശ്രയിക്കുന്ന ബേപ്പൂർ തുറമുഖ വികസനം ത്വരിത ഗതിയിലാക്കാൻ നടപടിയെടുത്തിട്ടുണ്ടോ ; | (സി) | ഉണ്ട് |
| (ഡി) | 500 കോടി രൂപ മുതൽ മുടക്ക് പ്രതീക്ഷിക്കുന്ന അഴീക്കൽ തുറമുഖ വികസന നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കുമോ ? | (ഡി) | അഴീക്കൽ തുറമുഖം സംസ്ഥാന സർക്കാരിന്റെ പ്രത്യേക നിക്ഷേപ പദ്ധതിയായ കിഫ്ബിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്നതിന് **496** കോടി രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. അതിന്റെ ഭാഗമായി ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ **(SPV)** രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**